കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

എടയൂർ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.13/2001/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം ജില്ല

തീയതി 24-10-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടയൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in

/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.എം.പി.എം.13/2001/17 തിയ്യതി: 24-10-2017

മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 20-7-2016 മുതൽ 22-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4-8-2017 മുതൽ 17-8-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം. മുഹമ്മദ് അലി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഷാജഹാൻ ഖുറൈശി.എം, സീനി. ഗ്രേഡ്. ഓഡിറ്റർ<br>ശ്രീ.കെ.ഷജീർ, ഓഡിറ്റർ |

<u>ബി ) നിർവഹണാധികാരികൾ</u>

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. കെ.കെ.രാജീവ് | 1-4-2016 മുതൽ 31-03-2017 വരെ |

<u>നിർവഹണ ഉദ്യോഗസ്ഥർ</u>

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ രവീന്ദ്രൻ | 1.4.2016 മുതൽ 30.9.2016 വരെ |
| | ശ്രീമതി. ശ്രീദേവി അമ്മ.പി (ഇൻ ചാർജ്) | 1.10.16 മുതൽ 13.11.16 വരെ |
| | ശ്രീ. പി.വി. വിനോദ്കുമാർ | 14.11.16 മുതൽ 31.3.17 വരെ |
| കൃഷി ഓഫീസർ | സുനിൽ വർഗ്ഗീസ് | 1.4.2016 മുതൽ 2.8.2016 വരെ |
| | ശ്രീമതി. ശ്രീലേഖ.പി | 3.8.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ശ്രീകുമാരൻ. എം.എസ് | 1.4.2016 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഹൈദർ അലി | 1.4.2016 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. അസൈനാർ. എം | 1.4.2016 മുതൽ 31.3.17 വരെ |
| വെറ്റിനറി സർജൻ | ഡോ. മിഥുൻ | 1.4.2016 മുതൽ 31.3.17 വരെ |
| ഹെഡ്മിസ്ട്രസ്സ് | ഉഷ.എം. | 1.4.2016 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| ഐ.സി,ഡി.എസ് സൂപ്പർവൈസർ | ശൈലജ. എൻ | 1.4.2016 മുതൽ 31.3.17 വരെ |
| വി.ഇ.ഒ | അജയകുമാർ | 1.4.2016മുതൽ 15.6.16 വരെ |
| | ശ്രീ. റഷീദ് | 16.6.16 മുതൽ 19.8.16 വരെ |
| | ശരത് ബാബു | 20.8.16 മുതൽ 20.11.16 വരെ |
| | ഷബീർ.എം.ബി | 21.11.16 മുതൽ 31.3.17 വരെ |
| അസി.സെക്രട്ടറി | ശ്രീദേവി അമ്മ. പി | 1.4.2016 മുതൽ 31.3.17 വരെ |
| അസി.എഞ്ചിനീയർ | എം.കെ ഗോപാലൻ | 1.4.2016 മുതൽ 31.5.2016 വരെ |
| | ആശ.വൈ.വി | 1.6.16 മുതൽ 7.8.16 വരെ |
| | സ്മിത. വി | 8.8.16 മുതൽ 31.3.17 വരെ |

ഉള്ളടക്കം


| ക്രമ നം | ഖണ്ഡിക | ഖണ്ഡിക നം |
|---|---|---|
| ഭാഗം . 1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 6 | തനത് വരുമാനം. 2016-17 | 1-7 |
| 7 | ക്ഷേമപദ്ധതികൾ 2016-17 | 1-8 |
| 8 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 9 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം . 2 | | |
| 11 | വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല. | 2-1 |
| 12 | ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് | 2-2 |
| 13 | ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-3 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 2-5 |
| 16 | ജീവനക്കാരുടെ ശമ്പളം കുറവായി കാണിക്കുന്നു. | 2-6 |
| 17 | വസ്തു നികുതി- ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 2-7 |
| 18 | ലൈസൻസ് - സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം | 2-8 |
| 19 | വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. | 2-9 |
| ഭാഗം . 3 | | |
| 20 | സിറാമിക് ടൈൽ വിരിച്ച് വിട്രിഫൈഡ് ടൈലിന്റെ വില നൽകി | 3-1 |
| 21 | കുടിവെള്ള വിതരണം - ആദായ നികുതി ഈടാക്കിയിട്ടില്ല | 3-2 |
| 22 | സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-3 |
| 23 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-4 |

| | | |
|---|---|---|
| 24 | ഓണം അഡ്വാൻസ് തുക പൂർണ്ണമായും തിരികെ ഈടാക്കിയില്ല | 3-5 |
| 25 | ആട് വളർത്തൽ പദ്ധതി-(എസ്.സി)- പഞ്ചായത്ത് ഫണ്ടിന്റെ പാഴ്ച്ചെലവായി | 3-6 |
| 26 | വരുമാന നികുതി ഈടാക്കിയില്ല | 3-7 |
| 27 | എസ്.എസ്.എ പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 3-8 |
| 28 | പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ് | 3-9 |
| 29 | ചെലവുകളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 3-10 |
| 30 | കരാറുകാരൻ സേവന നികുതി അടവാക്കിയ രേഖ ഹാജരാക്കിയില്ല | 3-11 |
| 31 | അധിക നിരക്കിൽ സബ്സിഡി നൽകി | 3-12 |
| 32 | അധികം നൽകിയ ഹോണറേറിയം തിരിച്ചടവാക്കി | 3-13 |
| 33 | ടെണ്ടർ ബിലോ 1000 രൂപ തിരിച്ചടച്ചു | 3-14 |
| 34 | അംഗൻവാടി ജീവനക്കാർക്ക് വേതനം- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 3-15 |
| 35 | ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. | 3-16 |
| 36 | ഹോമിയോ- മരുന്ന് ലഭ്യമാക്കിയില്ല | 3-17 |
| 37 | മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-18 |
| 38 | കേരളോൽസവം പ്രൊജക്ട്- അടങ്കൽ തുകയേക്കാൾ ചെലവ് ചെയ്തു | 3-19 |
| 39 | ശാരീരിക – മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹമായ നിരക്കിൽ നൽകിയില്ല | 3-20 |
| 40 | സാനിറ്ററി യൂണിറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 3-21 |
| 41 | ക്രമീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-22 |
| 42 | ലൈബ്രറി സെസ് നാളിതുവരെ അടവാക്കിയിട്ടില്ല. | 3-23 |

| | | |
|---|---|---|
| ഭാഗം . 4 | | |
| 43 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 44 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് : അഡ്വാൻസ് നൽകിയിട്ടില്ല | 4-3 |
| 46 | വായ്പ/ വായ്പ തിരിച്ചടവ്: | 4-4 |
| 47 | സ്ഥിരനിക്ഷേപങ്ങൾ - ഇല്ല | 4-5 |
| 48 | ഓഡിറ്റ് റിക്കവറി | 4-6 |
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് 22.03.2016 തിയതിയിലെ 01 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 30-06-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു:

1).വസ്തുനികുതി (തൻ വർഷം), വസ്തു നികുതി (കുടിശ്ശിക) മിസലേനിയസ് വരവുകൾ എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

2. ബിൽഡിംഗ് പെർമിറ്റ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ സംഗ്രഹം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. അഡ്വാൻസ് റജിസ്റ്റർ, ഡെപ്പോസിറ്റ് റജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ B-7, B-18 എന്നിവയിലെ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

4. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് റൂൾസ് ചട്ടം 57 & 58 മുഴുവനായും പാലിച്ചിട്ടില്ല. (ബാങ്ക് ബുക്കുകൾ എല്ലാ മാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.)

5. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആന്റ് പെയ്മെന്റ് പത്രിക അടുത്ത മാസം 10-ാം തീയ്യതിക്ക് മുമ്പായി സെക്രട്ടറി നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ധനകാര്യ സ്ഥിരം സമിതിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പട്ടിക ധനകാര്യ സ്ഥിരം സമിതിയുടെ പരിശോധനക്കും ഓഡിറ്റിനും ശേഷം കമ്മിറ്റിയുടെ ശുപാർശയോട് കൂടി തുടർന്ന് വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ സമർപ്പിക്കേണ്ടതാണ്. ആയതിൽ സമയ ക്ലിപ്തത പാലിക്കുന്നില്ല

6. പഞ്ചായത്തിന് പിരിഞ്ഞു കിട്ടാനുള്ള, ലഭിക്കാനുള്ളവയിൽ ലഭ്യത സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ വെച്ചിട്ടില്ല

7. ധനകാര്യ വർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

8. സ്ഥാവര ജംഗമ ആസ്തികൾ പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

10. EMS ലോൺ ഔട്ട്സ്റ്റാൻറിംഗ് തുക രജിസ്റ്റർ പ്രകാരം 3,84,415 രൂപയും, AFS പ്രകാരം 2,26,915 രൂപയുമാണ്.

11. കേരള ഗ്രാമീൺ ബാങ്ക് ടി.എസ്.പി. അക്കൗണ്ടിലെ നീക്കിബാക്കി തുക AFSപ്രകാരം 44530 രൂപയും, പാസ്ബുക്ക് പ്രകാരം 46267 രൂപയുമാണ്.

12. MGNREGS ഇനത്തിലെ റവന്യൂ ചെലവുകൾ മുഴുവനും റവന്യൂ ഗ്രാന്റായി ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. മുൻവർഷ എ.എഫ്.എസ് പരിശോധനയിൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം 2016-17 | |
|---|---|
| മുന്നിരിപ്പ് | 15512326 |
| വരവ് | 47084105 |
| ആകെ | 62596431 |
| ചെലവ് | 44899212 |
| നീക്കിയിരിപ്പ് | 17697219 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (lapsed) | ചെലവ് ശതമാനം | നീക്കിയിരിപ്പ് 40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12878770 | 12878770 | 11261891 | 1616879 | 87.45 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5167713 | 5167713 | 2649303 | 2518410 | 51.27 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5604 | 5604 | 5604 | 0 | 100 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4999389 | 4999389 | 2849400 | 2149989 | 56.99 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4029484 | 4029484 | 3779705 | 249779 | 93.8 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7223094 | 7223094 | 4659826 | 2563268 | 64.51 | 0 |
| ലോക ബാങ്ക് സഹായം | 0 | 1673420 | 1673420 | 458902 | 1214518 | 27.42 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 1150462 | 1150462 | 117389 | - | 10.2 | 1033073 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എ ണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 221 | 60267947 | 125 | 32049648 | 83 | 13 | 53.19 |

## 1-7 തനത് വരുമാനം. 2016-17

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 20.93 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2587173 | 4044754 | 1457581 | 56.34 |
| നികുതിയേതര വരവുകൾ | 511081 | 719428 | 208347 | 40.77 |
| മറ്റുവരവുകൾ (ജനറൽ പർപ്പസ്) | 9290277 | 10216944 | 926667 | 9.97 |
| ആകെ | 12388531 | 14981126 | 2592595 | 20.93 |

## 1-8 ക്ഷേമ പദ്ധതികൾ 2016-17

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 77660 | 50 |
| കർഷക തൊഴിലാളി പെൻഷൻ | 1943400 | 224 |
| വിധവാ പെൻഷൻ | 9973800 | 1024 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 19682500 | 1834 |
| വികലാംഗ പെൻഷൻ | 2636700 | 289 |
| വിവാഹ ധനസഹായം | 210000 | 7 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 357000 | 32 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

*1994*-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ *6(4)*-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-08-2017 ന് *10.30* ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8652 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഹെഡ്മാസ്റ്റർ TR-7A ക്യാഷ് ബുക്ക് സബ്സിഡിയറി രജിസ്റ്റർ , പ്രോജക്റ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.7.2017 | ജൂൺ, 2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | പഞ്ചായത്തിൽ ലഭ്യമല്ല | | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല.

ചുവടെ ചേർത്ത ജീവനക്കാരിൽനിന്ന് അർദ്ധവാർഷിക വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈടാക്കിയതിൽ കുറവ് വന്ന 6610 രൂപ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

| സ്ഥാപനം | ജീവനക്കാരന്റെ പേര് | തസ്തിക | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| കൊച്ചിൻ | സോന.പി. | അസി.പ്രൊഫസർ | 2016-17 | 60,000 | 600 | 450 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| കോളേജ്, വളാഞ്ചേരി,/ 24.5.17 | | | ഒന്നാം | | | | |
| | രേശ്മ.എം | അസി.പ്രൊഫസർ | 2016-17 ഒന്നാം | 60,000 | 600 | 450 | 150 |
| ഡൽഹി ഇന്റർനാഷണൽ സ്കൂൾ, വളാഞ്ചേരി | ഷിന്റോ.പി.പി | വൈസ് പ്രിൻസിപ്പാൾ | 2016-17 രണ്ടാം/ 8.3.17 | 180,000 | 1250 | 1000 | 250 |
| | ഷീജ. എ | ഹെഡ്മിസ്ട്രസ് | 2016-17 രണ്ടാം | 120,000 | 1000 | 750 | 250 |
| | ധന്യ. പി.ടി. | ടീച്ചർ | 2016-17 രണ്ടാം | 84000 | 750 | 600 | 150 |
| | രാജലക്ഷ്മി | ടീച്ചർ | 2016-17 രണ്ടാം | 66000 | 600 | 450 | 150 |
| | ജമീല | ടീച്ചർ | 2016-17 രണ്ടാം | 63,000 | 600 | 450 | 150 |
| | ഷീന.എം | ടീച്ചർ | 2016-17 രണ്ടാം | 90,000 | 750 | 600 | 150 |
| | ദീപ മോഹൻ | ടീച്ചർ | 2016-17 രണ്ടാം | 72000 | 600 | 450 | 150 |
| | സജിന.പി.പി | ടീച്ചർ | 2016-17 രണ്ടാം | 84000 | 750 | 600 | 150 |
| | പുഷ്പലത | ടീച്ചർ | 2016-17 രണ്ടാം | 84000 | 750 | 600 | 150 |
| | അജിത | ടീച്ചർ | 2016-17 രണ്ടാം | 90000 | 750 | 600 | 150 |
| | ദിവ്യ അനീഷ് | ടീച്ചർ | 2016-17 രണ്ടാം | 66000 | 600 | 450 | 150 |
| | സമീറലി | ടീച്ചർ | 2016-17 രണ്ടാം | 72000 | 600 | 450 | 150 |
| | വിനീഷ് | ടീച്ചർ | 2016-17 രണ്ടാം | 99000 | 750 | 600 | 150 |
| | മഞ്ജുഷ | ടീച്ചർ | 2016-17 രണ്ടാം | 90000 | 750 | 600 | 150 |
| | സുമ്ന | ടീച്ചർ | 2016-17 രണ്ടാം | 72000 | 600 | 450 | 150 |
| | സൗമ്യ | ടീച്ചർ | 2016-17 രണ്ടാം | 84000 | 750 | 600 | 150 |
| | രമ്യ | ടീച്ചർ | 2016-17 രണ്ടാം | 84000 | 750 | 600 | 150 |
| | സന്ദീപ് | ടീച്ചർ | 2016-17 രണ്ടാം | 78000 | 750 | 600 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സുനിത | ടീച്ചർ | 2016-17 രണ്ടാം | 60000 | 600 | 450 | 150 |
| | സഫ്ല മുഹമ്മദ് | ടീച്ചർ | 2016-17 രണ്ടാം | 60000 | 600 | 450 | 150 |
| | നിഷാദ് | ടീച്ചർ | 2016-17 രണ്ടാം | 60000 | 600 | 450 | 150 |
| | ശിൽപ | ടീച്ചർ | 2016-17 രണ്ടാം | 63000 | 600 | 450 | 150 |
| | ഫാത്തിമ സുഹറ | ടീച്ചർ | 2016-17 രണ്ടാം | 60000 | 600 | 450 | 150 |
| | ദീപക് | ടീച്ചർ | 2016-17 രണ്ടാം | 72000 | 600 | 450 | 150 |
| | രാധിക | ടീച്ചർ | 2016-17 രണ്ടാം | 60000 | 600 | 300 | 300 |
| | സക്കീർ ബാബു | ടീച്ചർ | 2016-17 രണ്ടാം | 120000 | 1000 | 750 | 250 |
| | ജിഷ | ടീച്ചർ | 2016-17 രണ്ടാം | 120000 | 1000 | 750 | 250 |
| | ഷൈനി | ടീച്ചർ | 2016-17 രണ്ടാം | 48000 | 450 | 180 | 270 |
| | രഞ്ജിനി | ടീച്ചർ | 2016-17 രണ്ടാം | 48000 | 450 | 180 | 270 |
| | ഹേമ | ടീച്ചർ | 2016-17 രണ്ടാം | 60000 | 600 | 180 | 420 |
| | നിഷ | ടീച്ചർ | 2016-17 രണ്ടാം | 78000 | 750 | 450 | 300 |
| | ബിയ്യുട്ടി | ടീച്ചർ | 2016-17 രണ്ടാം | 78000 | 750 | 450 | 300 |
| | ഫസീല ബാനു | ടീച്ചർ | 2016-17 രണ്ടാം | 51000 | 450 | 300 | 150 |
| ആകെ | | | | | | | 6610 |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (1/11.8.2017)ക്ക് നൽകിയ മറുപടിയിൽ അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

## 2-2 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അവ ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ പവർ അനുസരിച്ച് ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുണ്ട്. കുറവുള്ളത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (2/11.8.2017)ക്ക് നൽകിയ മറുപടിയിൽ ലൈസൻസ് ഫീ ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

| ക്രമ.നം | സ്ഥാപനം/ അപേക്ഷ നം | ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ പവർ | ഈടാക്കേണ്ട ലൈസൻസ് ഫീ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | യുണൈറ്റഡ് പ്ലാസ്റ്റിക്സ് / 40 | 40 | 400 | 100 / 29.2.16 | 300 |
| 2 | ക്രെസന്റ് സിമന്റ് പ്രോഡക്ട്സ്/ 47 | 60 | 600 | 500 / 30.4.16 | 100 |
| 3 | രേവതി റൈസ്മിൽ / 160 | 50 | 500 | 200/ 22.8.16 | 300 |
| 4 | ഹൊറൈസൺ പോളിമേഴ്സ് / 185 | 130 | 1300 | 500 / 22.2.16 | 800 |
| ആകെ | | | | | 1500 |

## 2-3 ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

എടയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷ വസ്തു നികുതി പരിശോധനയിൽ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. ഇതിൽ ഏതാനം ടവറുകളുടെ വസ്തു നികുതി 2013-14 വർഷം മുതൽ കുടിശ്ശികയുണ്ട്. ആയത് ഈടാക്കി വിവരമറിയിക്കേണ്ടതാണ്. ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (18/ 16.8.2017)ക്ക് നൽകിയ മറുപടിയിൽ ടവറുകളുടെ വസ്തു നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

വിശദ വിവരം താഴെ.

| ടവർ/കെട്ടിട നമ്പർ | വിലാസം | ഈടാക്കാൻ അവശേഷിക്കുന്ന വർഷം | അസസ് ചെയ്ത വാർഷിക നികുതി (L.C ഉൾപ്പെടെ) |
|---|---|---|---|
| 18/ 441 a | വൊഡാഫോൺ എസ്സാർ സെല്ലുലാർ ലി., കൊച്ചി | 2014-15, 2015-16, 2016-17 | 8663 |
| 15/ 295 a | ഇൻഡസ് ടവേഴ്സ് | 2014-15, 2015-16, 2016-17 | 9188 |
| 5 / 347 | റിലയൻസ് ടെലികോം കമ്മ്യൂണിക്കേഷൻസ് | 2013-14, 14-15,2015-16, 2016-17 | 5396 |

## 2-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (1/ 11.8.2017)ക്ക് നൽകിയ മറുപടിയിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, കുറ്റിപ്പുറം | 2016-17ഒന്നം രണ്ടും |
| 2 | പോസ്റ്റ് ഓഫീസ്, എടയൂർ നോർത്ത് | 2016-17ഒന്നം രണ്ടും |
| 3 | എം.ഇ.ടി.സ്കൂൾ, കൊളമംഗലം | 2016-17 രണ്ടാം |
| 4 | അസി.പ്രോജക്റ്റ് ഓഫീസർ, ആക്കവനാട് | 2016-17 ഒന്നം രണ്ടും |
| 5 | മാവേലി സ്റ്റോർ, സി.കെ.പാറ | 2016-17ഒന്നം രണ്ടും |

## 2-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (1/11.8.2017)ക്ക് നൽകിയ മറുപടിയിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ, സി.കെ.പാറ | 2016-17ഒന്നം രണ്ടും |
| 2 | ഡൽഹി ഇന്റർ നാഷണൽ സ്കൂൾ, വളാഞ്ചേരി | 2016-17ഒന്നം രണ്ടും |
| 3 | എം.ഇ.ടി.സ്കൂൾ, കൊളമംഗലം | 2016-17ഒന്നം രണ്ടും |
| 4 | സഫ ഇംഗ്ലീഷ് സ്കൂൾ, പുഴക്കാട്ടിരി | 2016-17ഒന്നം രണ്ടും |
| 5 | പൊന്നാനി അർബ്ബൻ സഹകരണ ബാങ്ക് | 2016-17ഒന്നം രണ്ടും |
| 6 | വടക്കുപുറം സർവ്വീസ് സഹകരണ ബാങ്ക് | 2016-17ഒന്നം രണ്ടും |

## 2-6 ജീവനക്കാരുടെ ശമ്പളം കുറവായി കാണിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐ.ആർ.എച്.എസ്.എസ്, എടയൂർ, എം.ഇ.ടി. സ്കൂൾ, കൊളമംഗലം എന്നിവ ജീവനക്കാരുടെ ശമ്പളം, പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14.2.2011 ലെ GO(ms)36/11 നമ്പർ ഉത്തരവ് പ്രകാരമുള്ളതിനേക്കാൾ കുറവായി രേഖപ്പെടുത്തിയാണ് തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിട്ടുള്ളത്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14.2.2011 ലെ GO(ms)36/11 നമ്പർ ഉത്തരവ് പ്രകാരം അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മിനിമം വേതനം ചുവടെ കാണും പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്.

| തസ്തിക | മിനിമം വേതനം |
|---|---|
| ഹെഡ് മാസ്റ്റർ | 7000 |
| ഹൈസ്കൂൾ അധ്യാപകർ | 6000 |
| പ്രൈമറി അധ്യാപകർ | 5000 |
| ക്ലാർക്ക് | 4000 |
| പ്യൂൺ | 3500 |

എന്നാൽ 2016-17 വർഷത്തിൽ പോലും മുകളിൽ കാണിച്ചതിലും കുറഞ്ഞ നിരക്കിലുള്ള ശമ്പളമാണ് പ്രസ്തുത സ്കൂൾ ജീവനക്കാർക്ക് നൽകിയതായി റിട്ടേണുകളിൽ കാണിച്ചിട്ടുള്ളത്.

തൊഴിൽ നികുതി ചട്ടം 10 പ്രകാരം തെറ്റായ റിട്ടേണുകൾ സമർപ്പിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടികൾ കൈക്കൊള്ളാവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ

സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ ശരിയായ ശമ്പളം കാണിച്ചുള്ള റിട്ടേണുകൾ സമർപ്പിക്കാൻ നിർദ്ദേശം നൽകേണ്ടതാണ്. ഈ വിഷയം മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ നൽകിയിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (1/11.8.2017)ക്ക് നൽകിയ മറുപടിയിൽ അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

## 2-7 വസ്തു നികുതി- ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 2016-17 വർഷത്തിൽ നികുതി അസസ് ചെയ്തത് പരിശോധിക്കുന്നതിന് ആവശ്യപ്പെട്ട (4 ാം വാർഡിലെ) ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (18/16.8.2017)ക്ക് നൽകിയ മറുപടിയിൽ ഫയലുകൾ പിന്നീട് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. ഫയലുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-8 ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം സംഭവിക്കുന്നു. ലൈസൻസ് എടുക്കേണ്ടതായ സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ഓരോ വർഷവും അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്ന് മാത്രം ഫീ ഈടാക്കി ലൈസൻസ് അനുവദിക്കുന്ന രീതിയാണ് ഉടരുന്നത്. ഗ്രാമ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കേണ്ടത് സെക്രട്ടറിയുടെ ബാധ്യതയാണ്. ഫീൽഡ് പരിശോധന നടത്തി പൂർണ്ണമായ സ്ഥാപന രജിസ്റ്റർ തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾക്ക് ഒരു സ്ഥിരം ലൈസൻസ് നമ്പർ നൽകി എല്ലാ വർഷവും ലൈസൻസ് പുതുക്കി നൽകേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (2/11.8.2017)ക്ക് നൽകിയ മറുപടിയിൽ അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

## 2-9 വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

2016-17 വർഷത്തെ ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സിറാമിക് ടൈൽ വിരിച്ച് വിട്രിഫൈഡ് ടൈലിന്റെ വില നൽകി

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ താഴെ പറയുന്ന കെട്ടിട റിപ്പയർ/നവീകരണ പ്രവൃത്തികളിൽ വിട്രിഫൈഡ് ടൈൽ കൊണ്ട് ഫ്ലോറിംഗ് നടത്തിയതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന്/ കൺവീനർക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നേരിൽ പരിശോധിച്ചപ്പോൾ സിറാമിക് ടൈലാണ് വിരിച്ചതെന്ന് ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ഫ്ലോറിംഗിന് നൽകിയ തുക (വിട്രിഫൈഡ് ടൈൽ) | നൽകാവുന്ന തുക (സിറാമിക് ടൈൽ) | അധികം നൽകിയത് | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പഞ്ചായത്തോഫീസ് നവീകരണം<br>പ്രോജക്ട് നം. 50/17<br>കരാറുകാരൻ: ശ്രീ. V.P. മൊയ്തീൻ കുട്ടി<br>(1.10% below)<br>ട്രഷറി ബിൽ നം. 29/16-17/<br>തി: 21.03.17<br>M Book No. 113/15-16 പേജ് 28 ൽ ഇനം 39ആയി വിട്രിഫൈഡ് ടൈൽ വിരിച്ചത് 44.83 m2 ആണ്.<br>അളവെടുത്തത് - ശ്രീ. എം.കെ. ഗോപാലൻ, AE<br>ചെക്ക് മെഷർ ചെയ്തത് - ശ്രീ. ടി.പി. സുബ്രഹ്മണ്യൻ, AEE | Code 11.46.2<br>44.83 m2<br>@1846.80/m2<br>81881.33 രൂപ<br>(ടെണ്ടർ ബിലോ കുറച്ച്) | 44.83 m2<br>@1180.11/m2<br>52322.38 രൂപ<br>(ടെണ്ടർ ബിലോ കുറച്ച്) | 29559 | DSR 2014 കോഡ് നം. 11.46.2 പ്രകാരമുള്ള നിരക്ക് 600x600 mm വലിപ്പമുള്ള വിട്രിഫൈഡ് ടൈൽ വിരിക്കുന്നതിനുള്ളതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ വിരിച്ചത് 300x300 mm ഐവറി കളർ സിറാമിക് ടൈലാണ്. |
| 2 | റഹ്മത്ത് നഗർ അംഗൻവാടി കെട്ടിടം അറ്റകുറ്റപ്പണി നടത്തൽ<br>പ്രോജക്ട് നം. 152/17 | Code 11.46.2<br>48.62 m2<br>@<br>1605.93/m2 | 48.62 m2<br>@1026.18/m2<br>49892.87 രൂപ | 28187 | DSR 2014 കോഡ് നം. 11.46.2 പ്രകാരമുള്ള നിരക്ക് 600x600 mm വലിപ്പമുള്ള വിട്രിഫൈഡ് ടൈൽ വിരിക്കുന്നതിനുള്ളതാണ്. |

| | | | | | |
|---|---|---|---|---|---|
| | കൺവീനർ: ശ്രീ.മുഹമ്മദ് റിയാസ്.N.T<br>ട്രഷറി ബിൽ നം. 8/16-17/ തി:19.11.16<br>M Book No. 6/16-17 പേജ് 1ൽ ഇനം 1ആയി വിട്രിഫൈഡ് ടൈൽ വിരിച്ചത് 48.62 m2 ആണ്.<br>അളവെടുത്തത് - ശ്രീമതി. സ്മിത.വി, AE<br>ചെക്ക് മെഷർ ചെയ്തത് - ശ്രീ. ടി.പി. സുബ്രഹ്മണ്യൻ, AEE | 78080.31 രൂപ | | | എന്നാൽ ഈ പ്രവൃത്തിയിൽ വിരിച്ചത് 400x400 mm ഐവറി കളർ സിറാമിക് ടൈലാണ്. |
| 3 | വായനശാല ICDP സെന്റർ അറ്റകുറ്റപ്പണി<br>പ്രോജക്ട് നം.156/17<br>കൺവീനർ: ശ്രീ. അജി.വൈ<br>ട്രഷറി ബിൽ നം. 7/16-17/ തി:19.11.16<br>M Book No. 4/17 പേജ് 23ൽ ഇനം 9ആയി വിട്രിഫൈഡ് ടൈൽ വിരിച്ചത് 46.13 | Code 11.46.1<br>46.13m2<br>@1497.85/m2<br>69095.82 രൂപ | 46.13 m2<br>@1026.18/m2<br>47337.68 രൂപ | 21758 | DSR 2014 കോഡ് നം. 11.46.1 പ്രകാരമുള്ള നിരക്ക് 500x500 mm വലിപ്പമുള്ള വിട്രിഫൈഡ് ടൈൽ വിരിക്കുന്നതിനുള്ളതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ വിരിച്ചത് 400x400 mm ഐവറി കളർ സിറാമിക് ടൈലാണ്. |

| | | | | | |
|---|---|---|---|---|---|
| | m2 ആണ്.<br>അളവെടുത്തത് - ശ്രീമതി. സമിത.വി, AE<br>ചെക്ക് മെഷർ ചെയ്തത് - ശ്രീ. ടി.പി. സുബ്രഹ്മണ്യൻ, AEE | | | | |
| ആകെ | | | | 79,504 | |

ഇക്കാരണത്താൽ പഞ്ചായത്തിന് 79,504 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/16.08.17) മറുപടിയായി, ഓഡിറ്റ് പരാമർശം ബന്ധപ്പെട്ട കരാറുകാരന്/ കൺവീനർക്ക് നൽകിയിട്ടുണ്ടെന്നും തുക തിരിച്ചടച്ച ശേഷം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അസി. എഞ്ചിനീയർ അറിയിച്ചു.

തെറ്റായി അളവെടുക്കുകയും ചെക്ക് മെഷർ ചെയ്യുകയും ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതും എം.ബുക്കിൽ തെറ്റായ വിവരെ രേഖപ്പെടുത്തിയതുവഴി പഞ്ചായത്തിന് നഷ്ടം വന്ന തുക 79,504 അളവ് രേഖപ്പെടുത്തിയ എ.ഇ., ചെക്ക് മെഷർ ചെയ്ത എ.ഇ.ഇ എന്നിവരിൽ നിന്നീടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-2 കുടിവെള്ള വിതരണം - ആദായ നികുതി ഈടാക്കിയിട്ടില്ല

2016-17 വർഷത്തിൽ വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി വൗച്ചർ നം. 21600193/30-06-16 പ്രകാരം ശ്രീ. ഷംസുദ്ദീന് 4,74,600 രൂപ അനുവദിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയിൽ നിന്നും 1% ആദായ നികുതി ഈടാക്കിയിട്ടില്ല. 4746 ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രൊജക്ട് : പച്ചക്കറി കൃഷി വികസനം

നം. : S022 / 2017

അടങ്കൽ : 3,06,000 (പ്ലാൻ ഫണ്ട്)

നിർവ്വഹണം : കൃഷി ഓഫീസർ

ബിൽ നം. 1/22-03-2017 : 3,06,000

കർഷകർക്ക് പച്ചക്കറി വിത്തുകൾ ലഭ്യമാക്കുക, പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നല്കുക എന്നിവയാണ് മേൽ പ്രൊജക്ടിൻ കീഴിൽ ലക്ഷ്യം വെച്ച പ്രവർത്തനങ്ങൾ. ആയത് പ്രകാരം പച്ചക്കറി വിത്തിൻെറ 300 പാക്കറ്റുകൾ വിതരണം ചെയ്യുകയും, 150 കർഷകർക്ക് കൂലിച്ചെലവ് സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്.

സ.ഉ(എം.എസ് )നം.4/2016/തസ്വഭവ/11-01-2016 പ്രകാരം പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകാവുന്നത് നാമമാത്ര കർഷകർക്ക് മാത്രമാണ്. എന്നാൽ, താഴെപ്പറയുന്ന ഒരു ഹെക്ടറിൽ കൂടുതൽ ഭൂവിസ്തൃതിയുള്ള സ്ഥലമുടമകൾക്കും മേൽ പ്രൊജക്ട് പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്.

| ഗുണഭോക്താവ് | കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) | നൽകിയ ധനസഹായം |
|---|---|---|
| ശ്രീ. മൊയ്തു ഹാജി. എം.ടി. | 1.77 | 2,000 |
| ശ്രീ. മുഹമ്മദാലി ചിറ്റകത്ത് | 2.37 | 2000 |
| ശ്രീ. സൈതാലിക്കുട്ടി മേലേപീടിയേക്കൽ | 2.40 | 1200 |
| ശ്രീ. മൊയ്തീൻ കുട്ടി താഴത്തെ പള്ളിയാലിൽ | 1.61 | 800 |
| ശ്രീ. സൈതാലിക്കുട്ടി ചോലക്കൽ മേലേതിൽ | 2.17 | 6000 |
| ശ്രീ. മുഖാരി മണ്ണംപറമ്പിൽ | 1.38 | 400 |
| ശ്രീ. യൂസുഫ് കെ.സി. | 1.93 | 400 |
| ശ്രീ. അബ്ദുൽ ഖാദർ പട്ടമ്മാർതൊടി | 1.36 | 2000 |
| ശ്രീ. വി.പി. ഉണ്ണീൻകുട്ടി യൂനസ് സലീം | 3.66 | 2000 |
| ശ്രീ. സൈനുദ്ദീൻ വള്ളൂരാൻ | 1.75 | 800 |
| ശ്രീ. മുഹമ്മദ് വലിയപറമ്പിൽ | 2.59 | 1000 |
| ആകെ | | 18600 |

ക്രമ പ്രകാരമല്ലാതെ ചെലവഴിച്ച 18,600 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് :സ്ട്രീറ്റ് ലൈറ്റ് റിപ്പയർ

നം : S002 / 2017

അടങ്കൽ : 85,000 (തനത് ഫണ്ട്)

നിർവ്വഹണം : സെക്രട്ടറി

2015-16 വർഷത്തിൽ S0009/16-ാം നമ്പർ പ്രകാരം അംഗീകാരം നേടിയ തെരുവ് വിളക്ക് റിപ്പയർ എന്ന പ്രൊജക്ടിനായി ശ്രീ. ഷംസുദ്ദീൻ, പിലാക്കോളിൽ എന്നയാളുടെ ടെണ്ടർ 04-09-2015 ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് കരാർ വെച്ചിരുന്നു. CFL ഒന്ന് റിപ്പയർ ചെയ്യുന്നതിന് 600 രൂപ എന്നതായിരുന്നു അംഗീകരിച്ച നിരക്ക്.

2015-16 വർഷത്തിൽ 1,25,000 രൂപ തനത് ഫണ്ട് വകയിരുത്തുകയും 40,000 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. 2016-17ൽ സ്പിൽ ഓവറായി നടപ്പിലാക്കി അവശേഷിക്കുന്ന 85,000 രൂപ കൂടി വൗച്ചർ നം. 21600424/28-09-2016 പ്രകാരം നൽകി.

പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു :

1. കരാർ പ്രകാരം, റിപ്പയർ ചെയ്യുന്ന ഓരോ വിളക്കുകൾക്കുമുള്ള വിലയാണ് നൽകേണ്ടത്. എന്നാൽ വാല്വേഷൻ നടത്താതെ രണ്ട് ഗഡുക്കളായി തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. അടങ്കൽ തുകയായ 1,25,000 രൂപക്ക് ആനുപാതികമായ അത്ര തെരുവ് വിളക്കുകൾ കൃത്യമായ കാലയളവിൽ കേടുവരുന്നു എന്നത് യുക്തിസഹമല്ല. കരാറുകാരൻ, ഇലക്ട്രിക് സെക്ഷനിലെ അസി.എഞ്ചിനീയറുടെ അംഗീകാരത്തോടെ, ഇലക്ട്രിസിറ്റി ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച ജോലികൾ നിർവ്വഹിക്കേണ്ടതാണ് എന്ന് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല.

2. ഗ്രാമ പഞ്ചായത്ത് സൂക്ഷിക്കേണ്ട തെരുവ് വിളക്കുകളുടെ ഇനം, വാട്ട്, സ്ഥാനം എന്നിവ വിശദമാക്കുന്ന റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്താനുള്ള, പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. കരാറുകാരന് ഗഡുക്കളായി തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും, 1% വീതം ആദായനികുതി, KCWWF എന്നിവ കുറവു ചെയ്തിട്ടില്ല. കരാറുകാരൻ, വാങ്ങിയ സാധനങ്ങളുടെ ഒറിജിനൽ ബിൽ ഹാജരാക്കാത്തതിനാൽ 5% VAT കൂടി ഈടാക്കേണ്ടതാണ്. അത് ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. റിക്കവറി ഇനത്തിൽ 8,750 രൂപ ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 3-5 ഓണം അഡ്വാൻസ് തുക പൂർണ്ണമായും തിരികെ ഈടാക്കിയില്ല

താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്ക് 21600404/7-9-16, 21600395/7-09-16 എന്നീ വൗച്ചറുകൾ പ്രകാരം പിൻവലിച്ച തുകയിൽ നിന്നും 15,000 രൂപ വീതം ഓണം അഡ്വാൻസ് തുക നൽകിയിട്ടുണ്ട്. എന്നാൽ ആയത് പൂർണ്ണമായും ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരിച്ചടവാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു :

| ഉദ്യോഗസ്ഥരുടെ പേര്/തസ്തിക | കൈപ്പറ്റിയ അഡ്വാൻസ് തുക | തിരിച്ചടവാക്കിയ തുക | തിരിച്ചടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| ശ്രീമതി ഗിരിജ, സീനിയർ ക്ലർക്ക് | 15,000 | 0 | 15,000 |
| ശ്രീമതി ഫ്ളോറൻസ്, സീനിയർ ക്ലർക്ക് | 15,000 | 12000 | 3,000 |
| ആകെ | | | 18,000 |

സ്ഥലം മാറിപ്പോയ പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും അഡ്വാൻസ് തുക പൂർണ്ണമായും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-6 ആട് വളർത്തൽ പദ്ധതി-(എസ്.സി)- പഞ്ചായത്ത് ഫണ്ടിന്റെ പാഴ്ച്ചെലവായി

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആട് വളർത്തൽ (എസ്.സി) പദ്ധതിയിലൂടെ പഞ്ചായത്ത് ഫണ്ട് ദുരുപയോഗം ചെയ്തു. ആട് വളർത്തൽ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്ന് 195000 രൂപയും തനതു ഫണ്ടിൽ നിന്ന് 5000 രൂപയും ചേർത്ത് ആകെ 200,000 രൂപ പിൻ വലിച്ച്, 20 എസ്.സി. ഗുണഭോക്താക്കൾക്ക് 10,000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ആയത് പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ഹാജരാക്കിയ ഫയലുകൾ ഓഡിറ്റിന് വേണ്ടി കൃത്രിമമായി ഉണ്ടാക്കിയതാണെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ നടന്ന പ്രാദേശിക പരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കരാർ വ്യവസ്ഥക്ക് വിരുദ്ധമായി ആടുകളെ വിറ്റു.

3 വർഷത്തേക്ക് ആടുകളെ വിൽക്കുകയോ കൈമാറുകയോ ചെയ്യില്ലെന്ന കരാർ വ്യവസ്ഥക്ക് വിരുദ്ധമായി, ഗുണഭോക്താക്കളായ ശ്രീമതി.കാളി, ശ്രീ. സുബ്രമണ്യൻ എന്നിവർ പദ്ധതിയുടെ ഭാഗമായി വാങ്ങിയ 3 ആടുകളേയും, ശ്രീമതി.ബീന പദ്ധതിയുടെ ഭാഗമായി വാങ്ങിയ 3 എണ്ണത്തിൽ 2 ആടുകളേയും ഒരു വർഷത്തിനുള്ളിൽ തന്നെ വിൽപ്പന നടത്തി.

2. ഗുണഭോക്താക്കൾ പരസ്പരം ആടുകളെ കൈമാറി പഞ്ചായത്ത് ഫണ്ട് കൈപ്പറ്റി

ഗ്രാമ പഞ്ചായത്തിൽ ആട് വളർത്തൽ പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി വള്ളി, ഇതേ പദ്ധതിയിലെ മറ്റൊരു ഗുണഭോക്താവും അയൽവാസിയുമായ കോച്ചി മനക്കൽപടി എന്നവരിൽ നിന്നാണ് ആടിനെ വാങ്ങിയതെന്ന് പ്രാദേശിക പരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെട്ടു. നിലവിൽ ആടുകളുള്ള വ്യക്തികൾ തന്നെ ആടുകളെ പരസ്പരം കൈമാറി പഞ്ചായത്ത് ഫണ്ട് കൈപ്പറ്റുക വഴി പദ്ധതി ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചില്ല.

3. ഓഡിറ്റിന് വേണ്ടി കൃത്രിമമായി രേഖകൾ ഉണ്ടാക്കി

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ വാസ്തവ വിരുദ്ധമാണെന്ന് പ്രാദേശിക പരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെട്ടു. പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി വള്ളി ആടിനെ വാങ്ങിയത് ശ്രീ.സിബി ജേക്കബ്, അമ്മഞ്ചേരി എന്ന വ്യക്തിയിൽ നിന്നാണെന്ന് വിലച്ചീട്ടിൽ രേഖപ്പെടുത്തി ഒപ്പ് വെച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി വള്ളി, ആടിനെ വാങ്ങിയത് ഇതേ പദ്ധതിയിലെ മറ്റൊരു ഗുണഭോക്താവും അയൽവാസിയുമായ കോച്ചി മനക്കൽപടി എന്നവരിൽ നിന്നാണെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. കൃത്രിമമായി രേഖകളുണ്ടാക്കി പഞ്ചായത്ത് ഫണ്ട് ദുരുപയോഗം ചെയ്തത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

സമയ പരിമിതി മൂലം 7 ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റ് നേരിട്ട് പരിശോധിച്ചത്. ആയതിനാൽ ഇക്കാര്യത്തിൽ ഭരണസമിതി വിശദമായ പരിശോധന നടത്തേണ്ടതും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ നടപടിക്ക് ശുപാർശ ചെയ്യേണ്ടതുമാണ്.

## 3-7 വരുമാന നികുതി ഈടാക്കിയില്ല

പ്രൊജക്ട് : ISO സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ

നം : S003 / 2017

അടങ്കൽ : 60,000 (തനത് ഫണ്ട്)

നിർവ്വഹണം : സെക്രട്ടറി

2016-17ൽ സ്പിൽ ഓവറായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിന് ISO കൺസൽട്ടൻസിയായി TFM സൊല്യൂഷൻസ്, കൊച്ചിയെ നിയമിക്കുന്നതിന് 09-08-2016 ലെ 5(1)-ാം നമ്പർ പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചിരുന്നു.

കൺസൽട്ടൻസിംഗ് ഏജൻസി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനാൽ കരാർ പ്രകാരമുള്ള തുക 53,440

രൂപ വൗച്ചർ നം. 21601014/31-03-2017 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകുമ്പോൾ, ഇൻകം ടാക്സ് ആക്ടിലെ 194(J) സെക്ഷൻ പ്രകാരമുള്ള 10% നികുതി ഈടാക്കിയിട്ടില്ല.

5,344 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-8 എസ്.എസ്.എ പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

ഹെഡ്മിസ്ട്രസ്സ് നിർവഹണം നടത്തിയ എസ്.എസ്.എ പ്രോജക്ടിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) എസ്.എസ്.എ യും വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാണ് അതത് തലത്തിലുള്ള എസ്.എസ്.എ പ്രോജക്ട് തയ്യാറാക്കേണ്ടത് എന്ന് 2016-17 വാർഷിക പദ്ധതി മാർഗരേഖയായ സ.ഉ (എം.എസ്) 4/2016/ തസ്വഭവ തിയതി: 11.01.2016 ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും SSAയും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രോജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രോജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഈ നടപടികളൊന്നും പാലിക്കാതെ, എസ്.എസ്.എ സമർപ്പിച്ച ആനുവൽ വർക്ക് പ്ലാനിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എ ക്ക് തുക കൈമാറുകയാണ് നിർവഹണോദ്യോഗസ്ഥ ചെയ്തത്.

പ്രോജക്ടുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | SSA ക്ക് നൽകിയ തുക | ട്രഷറി ബിൽ നം./ തിയതി |
|---|---|---|---|
| 1 | SSA വിഹിതം നൽകൽ<br>പ്രോജക്ട് നം. 26/17 | 1000000 | 1/16-17<br>തി: 16.12.16 |
| 2 | SSA വിഹിതം നൽകൽ - SC<br>പ്രോജക്ട് നം. 27/17 | 50000 | 2/16-17<br>തി: 16.12.16 |
| | ആകെ | 10,50,000 | |

<u>2) വിനിയോഗ സാക്ഷ്യപത്രം ഇല്ല</u>

നൽകിയ തുക എന്തിനെല്ലാം വിനിയോഗിച്ചു എന്ന് വ്യക്തമാക്കുന്ന വിശദമായ വിനിയോഗ സാക്ഷ്യപത്രം SSA ലഭ്യമാക്കിയിട്ടില്ല. ആനുവൽ വർക്ക് പ്ലാൻ തന്നെ Utilisation Certificate എന്ന് തിരുത്തി നൽകുകയാണ് ചെയ്തിട്ടുള്ളത്. വിശദമായ വിനിയോഗ സാക്ഷ്യപത്രം SSA യിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവുതുക 10,50,000 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-9 പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് നല്കിയ തുകകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയ്യതി | തുക | സ്ഥാപനം |
|---|---|---|---|
| 1 | 21600678/29-12-16 | 19250 | 11 കിണറുകളിലെ ജലലഭ്യത പരിശോധിക്കുന്നതിന് ഭൂജല വകുപ്പിന് നല്കിയത് |

| | | | |
|---|---|---|---|
| 2 | 21600647/13-12-16 | 2,00,000 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന് PMAYവിഹിതം നൽകിയത് (പട്ടിക ജാതി SOO79/17) |
| 3 | 21600649/13-12-16 | 5,60,000 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന് PMAYവിഹിതം നൽകിയത് (ജനറൽ SOO78/17) |
| 4 | ബിൽ നം. 35/ 31-03-17 | 5604 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന് PMAYവിഹിതം നൽകിയത് (എസ്.ടി. SOO81/17) |
| 5 | 21600888/6-3-17 | 5,25,000 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന് IAY അധിക വിഹിതം നൽകിയത് (Proj.No. 250/17) |
| 6 | 21600889/6-3-17 | 1,00,000 | ABC പ്രോഗ്രാമിന് മലപ്പുറം ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർക്ക് നല്കിയത് (Proj.No. 248/17) |
| 7 | 21600890/6-3-17 | 2,00,000 | ഡി.പി.സി കെട്ടിടത്തിന് ഫണ്ട് നല്കൽ (Proj.No. 260/17) |
| 8 | 21600891/6-3-17 | 50,350 | IKM ന് വിഹിതം നല്കിയത് (Proj. 54/17) |
| 9 | 21600887/6-3-17 | 3,50,000 | സോഷ്യൽ സെക്യൂരിറ്റി മിഷന് ഫണ്ട് നല്കിയത് (Proj. 247/17) |

ആകെ 20,10,204

ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും, നല്കിയ തുകയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 20,10,204 രൂപ തടസ്സം ചെയ്യുന്നു.

## 3-10 ചെലവുകളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല

2016-17 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖ |
|---|---|---|---|---|
| 1 | 21600044/ 7-4-16 | ശമ്പള റിക്കവറി LIC യിൽ അടവാക്കിയത് | 8989 | രശീതി |
| 2 | 21600048/ 12-4-16 | സാംഖ്യ രശീതിയുടെ വില ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയത് | 1678 | രശീതി |
| 3 | 21600102/ 2-5-16 | ശമ്പള റിക്കവറി LIC യിൽ അടവാക്കിയത് | 8651 | രശീതി |
| 4 | 21600145/ 1-6-16 | തെരുവ് വിളക്ക് കറൻറ് ചാർജ് | 7214 | രശീതി |

| | | | | |
|---|---|---|---|---|
| 5 | 21600183/ 15-06-16 | KREWS വാർഷിക വരിസംഖ്യ | 2000 | രശീതി |
| 6 | 21600302/ 3-8-16 | ശമ്പള റിക്കവറി LIC യിൽ അടവാക്കിയത് | 11485 | രശീതി |
| 7 | 21600366/ 1-9-16 | ശ്രീമതി ഫ്ലോറൻസ്, സീനി.ക്ലർക്കിന്റെ ശമ്പളം | 7220 | Last pay certificate |
| 8 | 21600385/ 3-9-16 | ശമ്പള റിക്കവറി LIC യിൽ അടവാക്കിയത് | 11889 | രശീതി |
| 9 | 21600457/ 3-10-16 | ശമ്പള റിക്കവറി LIC യിൽ അടവാക്കിയത് | 12799 | രശീതി |
| 10 | 21600515/ 26-10-16 | അന്താരാഷ്ട്ര വ്യാപാര മേളയിൽ പങ്കെടുക്കുന്നതിനുള്ള വിഹിതം DDP, മലപ്പുറത്തിന് നൽകിയത് | 1000 | രശീതി |
| 11 | 21600578/ 23-11-16 | കേരള ഗ്രാ.പ. അസോസിയേഷൻ ആസ്ഥാന മന്ദിരത്തിനുള്ള സംഭാവന | 7000 | രശീതി |
| 12 | 21600582/ 24-11-16 | ശ്രീമതി സീനിയ, സീനി.ക്ലർക്കിൻറെ festival advance ഉദയംപേരൂർ ഗ്രാമ പഞ്ചായത്തിലേക്ക് അയച്ച് കൊടുത്തത് | 10,000 | രശീതി |
| 13 | 21600591/ 1-12-16 | ശമ്പള റിക്കവറി LIC യിൽ അടവാക്കിയത് | 8410 | രശീതി |
| 14 | 21600635/ 8-12-16 | 'സ്വാത്വിക് സിസ്റ്റംസി'ന് EMD തുക തിരികെ നൽകിയത് | 2000 | തുക അടവാക്കിയ രശീതി |
| 15 | 21600713/ 3-1-17 | പരസ്യത്തിന്റെ ചാർജ് ദേശാഭിമാനി പത്രത്തിന് നൽകിയത് | 8640 | രശീതി |
| 16 | 21600783/ 31-01-17 | സ്റ്റീൽ റാക്കുകളുടെ വില sidcoക്ക് നൽകിയത് | 1,79,472 | രശീതി |
| 17 | 21601041/ 31-03-17 | പത്രപരസ്യത്തിൻറെ ചാർജ് നൽകിയത് | 10,720 | രശീതി |

ആകെ - 2,99,167

ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നത് വരെ 2,99,167 രൂപ തടസ്സം ചെയ്യുന്നു.

## 3-11 <u>കരാറുകാരൻ സേവന നികുതി അടവാക്കിയ രേഖ ഹാജരാക്കിയില്ല</u>

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ വടക്കുംപുറം GLP സ്കൂൾ പുനരുദ്ധാരണ പ്രവൃത്തിക്ക് സേവന നികുതി ഉൾപ്പെടെയുള്ള ബിൽതുക കരാറുകാരൻ ശ്രീ.കെ.പി.ഫഹദിന് നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ സേവന നികുതി അടവാക്കിയ രസീത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രവൃത്തിയുടെ മൂല്യനിർണ്ണയ വിവരം ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തി മൂല്യം : 270496

(-)ടെണ്ടർ ബിലോ 0.1% : 271

270225

(+)സേവന നികുതി 10.5% : 28402

ആകെ : 298627

(-)VAT 4% : 10809

IT 1% : 2702

KCWWF 1% : 2702

ബാക്കി കോൺട്രാക്ടർക്ക് നൽകിയത് : 282414 രൂപ (ട്രഷറി ബിൽ നം. 63/16-17/31.03.17)

കരാറുകാരൻ സേവന നികുതി അടവാക്കിയ രസീത് ഓഡിറ്റിന് ഹാജരാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം. 25/17.08.17 മുഖേന ആവശ്യപ്പെട്ടപ്പോൾ, പ്രസ്തുത രസീത് പിന്നീട് സമർപ്പിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ മറുപടി നൽകി. പ്രസ്തുത രസീത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ, സേവന നികുതിയിനത്തിൽ നൽകിയ 28402 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-12 അധിക നിരക്കിൽ സബ്സിഡി നൽകി

പ്രൊജക്ട് : വനിതാ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി

നം. : S258/17

ബിൽ നം. 2/31-03-17 : 50,000

ചെക്ക് നം. 420254/31-03-17 : 2,95,435

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

വനിതാ ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിന് തയ്യാറാക്കിയ മേൽ പ്രൊജക്ടിന്റെ പരിശോധനയിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു :

ചേനാടൻ കുളമ്പ് ക്ഷീര സംഘത്തിലെ ശ്രീമതി കാർത്തിക കിഴുമനക്ക് 7836 ലിറ്റർ പാലിനുള്ള സബ്സിഡി തുക 23,508 രൂപ നൽകിയിട്ടുണ്ട്. സ.ഉ.(സാധാ)നം.2037/2016/തസ്വഭവ/30-06-2016 ലെ ഖണ്ഡിക 14 പ്രകാരം ഒരു കർഷകന് നൽകാവുന്ന പരമാവധി വാർഷിക ധനസഹായം 20,000 രൂപയാണ്.

ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ 12/14-08-17-ാം നമ്പർ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ അധികം നൽകിയ 3,508 രൂപ 117130101805/16-09-17-ാം നമ്പർ രശീതി പ്രകാരം അടവാക്കി.

## 3-13 അധികം നൽകിയ ഹോണറേറിയം തിരിച്ചടവാക്കി

ജി.ഒ.(സാധാ)നം.109/2017/എൽ.എസ്.ജി.ഡി./13-01-2017 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ടെക്നിക്കൽ അസിസ്റ്റൻറുമാരുടെ വേതനം 20,000 രൂപയായി വർദ്ധിപ്പിക്കുകയും ജി.ഒ.(സാധാ)നം.612/2017/എൽ.എസ്.ജി.ഡി./06-03-2017 പ്രകാരം ആയതിന് 01-04-2016 മുതൽ മുൻകാല പ്രാബല്യം നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ വേതനം ഇനത്തിലെ കുടിശ്ശിക വൗ.നം. 21600930/22-03-22017 പ്രകാരം 58,500 രൂപ ടെക്നിക്കൽ അസിസ്റ്റൻറ് ശ്രീ. നജ്മുദ്ദീന് നൽകിയതിൽ താഴെപ്പറയുന്ന മാസങ്ങളിൽ അപാകത ഉണ്ട് :

| മാസം | വൗച്ചർ പ്രകാരം നൽകിയ വേതനം | കുടിശ്ശിക അർഹമായത് | കുടിശ്ശിക നൽകിയത് | അനർഹമായി നൽകിയത് |
|---|---|---|---|---|
| ഏപ്രിൽ | അവധിയിൽ | 0 | 6500 | 6500 |

| | | | | |
|---|---|---|---|---|
| മെയ് | അവധിയിൽ | 0 | 6500 | 6500 |
| ജൂൺ | 6750 | 3250 | 6500 | 3250 |
| ആകെ | | | | 16250 |

ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ 04/14-08-17-ാം നമ്പർ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ അധികം നൽകിയ 16,250 രൂപ 117130101830/18-09-17-ാം നമ്പർ രശീതി പ്രകാരം അടവാക്കി.

## 3-14 ടെണ്ടർ ബിലോ 1000 രൂപ തിരിച്ചടച്ചു

അസി. എഞ്ചിനീയർ നിർവഹണം നടത്തിയ 'പീടികപ്പടി അംഗൻവാടി സ്രാമ്പിക്കൽ പടി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ ബിൽ തുക കരാറുകാരൻ ശ്രീ. കെ.ഷറഫുദ്ദീന് നൽകിയപ്പോൾ 0.5% ടെണ്ടർ കുറവു ചെയ്തിരുന്നില്ല. പ്രവൃത്തിയുടെ മൂല്യനിർണ്ണയ വിവരം ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തി മൂല്യം : 200410.77

TS ൽ പരിമിതപ്പെടുത്തിയത് : 200000

Deductions:

VAT 4% : 8000

KCWWF 1% : 2000

IT 1% : 2000

ബാക്കി കോൺട്രാക്ടർക്ക് നൽകിയത് : 188000 രൂപ (ട്രഷറി ബിൽ നം. 51/16-17/31.03.17)

0.5% ടെണ്ടർ ബിലോ 1000 രൂപ ഉത്തരവാദികളിൽ നിന്നീടാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം. 23/17.08.17 മുഖേന ആവശ്യപ്പെട്ടതനുസരിച്ച് റസീപ്റ്റ് നം.117130101832/18.08.17 മുഖേന 1000 രൂപ കോൺട്രാക്ടറിൽ നിന്നീടാക്കി പഞ്ചായത്തുഫണ്ടിൽ അടവാക്കി. ഈ തുക ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-15 അംഗൻവാടി ജീവനക്കാർക്ക് വേതനം- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2016-17 ൽ നടപ്പിലാക്കിയ "അംഗൻവാടി ജീവനക്കാർക്ക് വേതനം- പഞ്ചായത്ത് വിഹിതം" എന്ന S259/17പ്രൊജക്ട് പ്രകാരം തൻ വർഷത്തിൽ ആകെ 14,34,257 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് .

ബിൽ നം. 4/03-03-2017 : 10,73,730

ബിൽ നം 6/27-03-2017 : 3,60,527

സ.ഉ(സാധാ)നം.636/2016/LSGD, തീ:16-2-16, സ.ഉ(എം.എസ്)നം.21/16/സാ.നീ.വ /തീ:25-2-16 എന്നിവ പ്രകാരം അംഗൻവാടി ജീവനക്കാർക്ക് അധിക വേതനമായി നൽകേണ്ട തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ആയത് ലഭ്യമല്ല എന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്ന സാഹചര്യത്തിൽ ടി ഇനത്തിലുള്ള തുക വികസന ഫണ്ടിൽ നിന്നും നൽകാവുന്നതാണെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം മേൽ ആവശ്യത്തിന് തനത് ഫണ്ട് ലഭ്യമല്ല എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കൂടാതെ, 31-3-17 തീയതിയിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ 1,65,47,751 രൂപ അവശേഷിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച പ്രകാരം ചെലവഴിച്ച 14,34,257 രൂപ സർക്കാരിലേക്ക് തിരിച്ചടക്കുകയോ ടി പ്രവൃത്തിക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 3-16 ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

പ്രോജക്ട് : അങ്കൺവാടി അനുപൂരക പോഷകാഹാരം, സബല

നം. : S052/2017

പ്രൊജക്ട് : അങ്കൺവാടി അനുപൂരക പോഷകാഹാരം- എസ്.സി.

നം. : S053/2017

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

മേൽ പ്രോജക്ടുകളുടെ നടത്തിപ്പിനായി 'ധനശ്രീ' കുടുംബശ്രീ യൂണിറ്റ്, പൊൽപ്പാക്കര, 'നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്', മൊറയൂർ എന്നിവിടങ്ങളിൽ നിന്നും 12,115 kg അമൃതം ന്യൂട്രിമിക്സ് ഫുഡ് സപ്ലിമെന്റ് വാങ്ങിയതിന് ട്രാൻസ്പോർട്ട് ചാർജ് ഉൾപ്പെടെ മൊത്തം 7,80,322/- രൂപ മേൽ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3 – 312/2010, 18.12.2010 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ആയത് പരിശോധനയ്ക്ക് അയച്ച് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല

ടി.എച്ച് ആർ. എസ്. മിശ്രിതം വാങ്ങിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു :

| ക്രമ നം | ബിൽ നം | കി.ഗ്രാം | വില |
|---|---|---|---|
| 1 | 60/30-04-16 | 944 | 53,336 |
| 2 | 62/03-06-16 | 916.5 | 51,782 |
| 3 | 69/26-06-16 | 894.5 | 50,511 |
| 4 | 184/13-08-16 | 898 | 50,765 |
| 5 | 2/20-12-16 | 442.5 | 25000 |
| 6 | 192/07-11-16 | 1071 | 59014 |
| 7 | 1/20-12-16 | 798.5 | 45,115 |
| 8 | 6/23-12-17 | 1128 | 63732 |
| 9 | 16/25-02-17 | 1156 | 65314 |
| 10 | 11/01-03-17 | 1350 | 116775 |
| 11 | -/17-03-17 | 1166 | 82203 |
| 12 | 29/28-03-17 | 1350 | 116775 |
| | ആകെ | 12115 | 780322 |

ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-17 ഹോമിയോ- മരുന്ന് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ, (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായ 'ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ' എന്ന പദ്ധതി (s0063/2017) പ്രകാരം മെയിന്റനൻസ് ഫണ്ടിൽ നിന്ന് 150,000 രൂപ പിൻവലിച്ച് 30.01.2017 ന് കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപറേറ്റീവ് ഫാർമസി ലി. എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 75300 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 74700 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ

അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (3/11.8.2017)ക്ക് നൽകിയ മറുപടിയിൽ അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു. മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക, 74700 രൂപ തടസ്സം ചെയ്യുന്നു.

## 3-18 മരുന്ന് ലഭ്യമാക്കിയിട്ടില്ല

എ). മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ "പരിരക്ഷ- പാലിയേറ്റീവ് കെയർ" എന്ന പദ്ധതി (s0010/2017)യുടെ ഭാഗമായി പാലിയേറ്റീവ് കെയർ യൂണിറ്റിന് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് വികസനഫണ്ട്, തനതുഫണ്ട് എന്നിവയിൽ നിന്ന് 222800 രൂപ പിൻവലിച്ച് 8.02.2017 ന് കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി). മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ "PHCയിലേക്കാവശ്യമായ മരുന്ന് വാങ്ങൽ ' എന്ന പദ്ധതി (s0012/2017)യുടെ ഭാഗമായി മെയിന്റനൻസ് ഫണ്ടിൽ നിന്ന് 300,000 രൂപ പിൻവലിച്ച് 8.02.2017 ന് കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, (PHC)ക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (4/11.8.2017)ക്ക് നൽകിയ മറുപടിയിൽ അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 522800രൂപ തടസ്സം ചെയ്യുന്നു.

## 3-19 കേരളോൽസവം പ്രൊജക്റ്റ്- അടങ്കൽ തുകയേക്കാൾ ചെലവ് ചെയ്തു

GO(Rt) 3156/16/LSGD/21.11.16 ഉത്തരവിൽ 2016-17 വർഷത്തെ കേരളോത്സവ നടത്തിപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതാണ്. ഇതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന് 50,000/- രൂപ പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ചെലവഴിക്കാൻ യഥേഷ്ടാനുമതി നല്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ S008/17-ാം നമ്പർ കേരളോൽസവം പ്രൊജക്റ്റിന്റെ അടങ്കൽ തുക 50,000 രൂപയാണ്. എന്നാൽ ഈ ഇനത്തിൽ താഴെ കാണും പ്രകാരം അധികം ചെലവഴിച്ചിട്ടുണ്ട് :

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|
| 1 | 21600565/21-11-16 | 2,261 |
| 2 | 21600637/8-12-16 | 19,710 |
| 3 | 21600644/8-12-16 | 9,700 |
| 4 | 21600645/13-12-16 | 21,376 |
| 5 | 21600646/13-12-16 | 4,000 |
| 6 | 21600679/29-12-16 | 2,740 |
| 7 | 21600680/29-12-16 | 4,480 |
| ആകെ | | 64,267 |

കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിൽ നിന്നുള്ള 15,000 രൂപ കൂടി ചേർത്താണ് മേൽ ചെലവുകൾ വഹിച്ചിട്ടുള്ളത് എന്നും, ആയതിന്റെ വിവരം പ്രൊജക്റ്റിൽ ചേർക്കാൻ വിട്ടുപോയതാണ് എന്നുമാണ് 07/14-08-17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചത്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-20 ശാരീരിക – മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹമായ നിരക്കിൽ നൽകിയില്ല

ഹെഡ്മിസ്ട്രസ്സ് നിർവഹണം നടത്തിയ പ്രോജക്ട് നം. 29/17 മുഖേന, ശാരീരിക – മാനസിക വൈകല്യമുള്ള 57 വിദ്യാർത്ഥികൾക്ക് വികസന ഫണ്ടിൽ നിന്ന് 6,00,000 രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. (ട്രഷറി ബിൽ നം. 4/16-17 തിയതി: 29.03.17). എന്നാൽ ഓരോരുത്തർക്കും അർഹമായ തുക പൂർണ്ണമായി നൽകിയിട്ടില്ല.

2016-17 വാർഷിക പദ്ധതി മാർഗരേഖയായ സ.ഉ (എം.എസ്) 4/2016/തസ്വഭവ തിയതി: 11.01.2016 ഖണ്ഡിക 5.8 ൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ പ്രതിപാദിച്ചിട്ടുണ്ട്.

ടി സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാൻഡേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ് / ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4 / നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷനൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | ഇനം | സ്കോളർഷിപ്പ് / ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 800 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത (വാർഷികം) | 1400 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 400 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1000 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 19000 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 20000രൂപയ്ക്കും അർഹതയുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്.

2016-17 ൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുകയുടെ ലഘു വിവരണം താഴെ കൊടുക്കുന്നു.

1) ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തത്

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | അർഹമായ തുക | വിതരണം ചെയ്ത തുക | കുറവ് |
|---|---|---|---|---|
| 1-4 / നഴ്സറി ക്ലാസ്സ് | 7 | [(400x12)+500]x7 =37100 | 3200x6= 19200<br>4200x1= 4200<br>23400 | 13700 |
| 5-8 | 8 | [(500x12)+600]x8 = 52800 | 4200x6= 25200<br>3200x1= 3200<br>5200x1= 5200<br>33600 | 19200 |
| 9,10,+1,+2 | 7 | [(600x12)+800]x7 = 56000 | 3200x1= 3200<br>4200x1= 4200<br>5200x5= 26000<br>33400 | 22600 |
| വൊക്കേഷണൽ പരിശീലനം | 1 | [(1000x12)+1500 = 13500 | 8100 | 5400 |
| ആകെ | 23 | 159400 | 98500 | 60900 |

2)മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തത്

| കുട്ടികളുടെ എണ്ണം | അർഹമായ തുക | വിതരണം ചെയ്ത തുക | കുറവ് |
|---|---|---|---|
| 34 | 34x19000= 646000 | 3200x1= 3200<br>15100x33= 498300<br>501500 | 144500 |

സർക്കാർ അനുവദിച്ച നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 2016-17ൽ 2,05,400 രൂപയുടെ ധനസഹായം നഷ്ടപ്പെട്ടിട്ടുണ്ട്. ഈ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്. അതതു കാലത്തെ സർക്കാർ ഉത്തരവനുസരിച്ച് നിശ്ചിത നിരക്ക് പ്രകാരം തന്നെ സ്കോളർഷിപ്പ് തുക നൽകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-21 സാനിറ്ററി യൂണിറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

2016-17 ൽ വി.ഇ.ഒ. നടപ്പിലാക്കിയ സാനിറ്ററി യൂണിറ്റ് രണ്ടാം ഘട്ടം എന്ന S025/17 എന്ന പ്രൊജക്ടിൻ കീഴിൽ 5,000 രൂപ വീതം ആദ്യ ഗഡു ധനസഹായം ലഭിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല :

1. ശ്രീമതി സരോജിനി അയിനിക്കുന്നത്ത്
2. ശ്രീമതി ഓമന പുത്തൻ വീട്
3. ശ്രീ. അനീഷ് കോഴിക്കുന്ന് പറമ്പിൽ
4. ശ്രീമതി ദേവകി പൊറ്റക്കളംപടി
5. ശ്രീ കുഞ്ഞിമൊയ്തീൻ ഞായംകോവിൽ
6. ശ്രീ താമി പൊറ്റക്കളംപടി
7. ശ്രീ. ഉണ്ണികൃഷ്ണൻ മൂലേതൊടി

നിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം മേൽ ഗുണഭോക്താക്കളിൽ നിന്നും മുൻകൂർ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-22 ക്രമീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

2016-17 വർഷത്തിൽ, സാക്ഷരതാ പ്രേരകിന് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം, അലവൻസ് എന്നിവ അനുവദിച്ചിട്ടുണ്ട്. സാക്ഷരതാ ഫണ്ട് ലഭ്യമല്ലാത്തതിനാലും, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കാമെന്ന വ്യവസ്ഥയിലുമാണ് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു :

| പേര് | ഇനം | വൗച്ചർ നം.തീയതി | തുക |
|---|---|---|---|
| ശ്രീമതി സുജിത ടി.പി., പ്രേരക്, മുക്കിലപ്പീടിക തുടർ വിദ്യാകേന്ദ്രം | ഹോണറേറിയം, സ്പെഷൽ അലവൻസ് | 21600227/8-7-16<br>21600417/9-9-16 | 20300<br>14500 |
| ആകെ | | | 34,800 |

തുക ക്രമീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 3-23 ലൈബ്രറി സെസ് നാളിതുവരെ അടവാക്കിയിട്ടില്ല.

സർക്കുലർ നം.10088/എൽ3/05/തസ്വഭവ. തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം.

ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ 2016-17 ൽ വസ്തു നികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറി സെസ് നാളിതുവരെ ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 110000 | ജി.എൽ.പി.എസ്. അത്തിപ്പറ്റ സാനിറ്ററി യൂണിറ്റ് | 0 | 110000 |
| | 2016-17 | 300000 | ഗവ-ആയുർവ്വേദ ഡിസ്പെൻസറി സാനിറ്ററി യൂണിറ്റ് | 0 | 300000 |
| | 2016-17 | 125000 | പാലിയേറ്റീവ് പരിചരണം | 112550 | 12450 |
| | 2016-17 | 295435 | വനിതാ ക്ഷീര കർഷകർക്ക് പാൽ സബ്സിഡി | 295435 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | റോഡിൽ നിന്നും ഇലക്ട്ിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 42798 | 42798 | 0 |
| | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 113910 | 0 | 113910 |
| | സമ്പൂർണ്ണ | 523906 | 523906 | 0 |

| | | | | |
|---|---|---|---|---|
| | വൈദ്യുതീകരണം | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് : അഡ്വാൻസ് നൽകിയിട്ടില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്:

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്, ഭവന പദ്ധതി | സ.ഉ(സാധാ) നം953/2010 | 4127500 | 716915 | 490000 | | 226915 (രജിസ്റ്റർ പ്രകാരം) |

## 4-5 സ്ഥിരനിക്ഷേപങ്ങൾ - ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14, 14-15 | 3-18, 3-19 | 11250 | നജ്മുദ്ധീൻ, ടെക്നിക്കൽ അസി. | 11602101422 / 1.9.16 |
| | | 5000 | പ്രിൻസിപ്പാൾ, എം.ഇ.ടി. സ്കൂൾ, കൊളമംഗലം | 11613100930/ 1.11.16 |
| ആകെ | | 16250 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | നിലവിലെ അവസ്ഥ |
|---|---|---|
| 1997-98<br>36,37 | 2003-04<br>30 | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99 | 2003-04 | ,, |

| | | |
|---|---|---|
| 44,46 | 30 | |
| 1999-00<br>39,49,50 | 2003-04<br>30 | ,, |
| 2000-01<br>28,30 | 2003-04<br>30 | ,, |
| 2001-02<br>3(2),3(7) | 2004-05<br>3(7) | ,, |
| 2006-07<br>3(4) | 2009-10<br>3(4) | ,, |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47084105 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44899212 |
| വരവിനങ്ങളിലുള്ള നഷ്ടം | 8110 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 98104 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3985273 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6610 | | ശ്രീ.വിനോദ് കുമാർ, സെക്രട്ടറി |
| 2-2 | 1500 | | ശ്രീ.കെ.രവീന്ദ്രൻ, സെക്രട്ടറി |
| 3-1 | | 39753 | ശ്രീ.ടി.പി.സുബ്രഹ്മണ്യൻ, എ.ഇ.ഇ. |

| | | | |
|---|---|---|---|
| | | 14779 | ശ്രീ.എം.കെ.ഗോപാലൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 24972 | ശ്രീമതി.സ്മിത.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 18600 | ശ്രീമതി.പി.ശ്രീലേഖ, കൃഷി ഓഫീസർ |
| ആകെ | 8110 | 98104 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 1050000 | ശ്രീമതി.എം.ഉഷ, ഹെഡ്മിസ്ട്രസ്സ് |
| 3-9 | 2010204 | ശ്രീ.പി.വിനോദ് കുമാർ, സെക്രട്ടറി |
| 3-10 | 59126 | ശ്രീ.കെ.രവീന്ദ്രൻ, സെക്രട്ടറി |
| | 13799 | ശ്രീമതി.പി.ശ്രീദേവിയമ്മ (ചാർജ്) |
| | 226242 | ശ്രീ.പി.വിനോദ് കുമാർ, സെക്രട്ടറി |
| 3-11 | 28402 | ശ്രീമതി.സ്മിത.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-17 | 74700 | ഡോ.പി.ഹൈദരാലി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-18 | 522800 | ഡോ.എം.എസ്.ശ്രീകുമാർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 3985273 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-2 | 4746 | ആദായ നികുതി | സെക്രട്ടറി |
| 3-7 | 5344 | ,, | ,, |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-6

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിനോദ് കുമാർ, സെക്രട്ടറി | സെക്രട്ടറി, എടയൂർ ഗ്രാമ പഞ്ചായത്ത് | പൂമങ്കലം, പരിയാപുരം, ഉത (പി.ഒ), ആനമങ്ങാട് 679357 |
| ശ്രീ.ടി.പി.സുബ്രഹ്മണ്യൻ, എ.ഇ.ഇ | -- | -- |
| ശ്രീ.എം.കെ.ഗോപാലൻ, | റിട്ടയേർഡ് | മനക്കപ്പറമ്പിൽ, വെള്ളാങ്ങല്ലൂർ (പി.ഒ), തൃശ്ശൂർ |
| ശ്രീമതി.സ്മിത.വി., എ.ഇ | അസി.എഞ്ചിനീയർ, എടയൂർ ഗ്രാമ പഞ്ചായത്ത് | സുർജിത്ത് വിഹാർ വലിയകുന്ന് (പി.ഒ) വളാഞ്ചേരി, മലപ്പുറം |
| ശ്രീമതി.പി.ശ്രീലേഖ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, എടയൂർ ഗ്രാമപഞ്ചായത്ത് | കൃഷ്ണ മക്കരപ്പറമ്പ് (പി.ഒ), മലപ്പുറം |
| ശ്രീ.കെ.രവീന്ദ്രൻ, സെക്രട്ടറി | റിട്ടയേർഡ് | കല്ലുംകുഴിയിൽ, വലമ്പൂർ (പി.ഒ) മലപ്പുറം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFM11/1155/01 dt. 01.12.2010 | 2 |
| 1998-99 | LFM11/1422/01 dt.01.12.2000 | 12 |
| 1999-00 | LFM11/1421/01 dt. 01.12.2000 | 11 |

| | | |
|---|---|---|
| 2000-01 | LFM11/435/03 dt. 01.12.2010 | 02 |
| 2001-02 | LFM12/1269/04 dt. 01.12.2010 | 14 |
| 2002-03 | LFM12/1865/04 dt. 01.12.2010 | 11 |
| 2003-04 | LFM13/177/493/10 dt. 21.01.2012 | 19 |
| 2004-05 | LFM11/177/494/10 dt. 22.05.2012 | 16 |
| 2005-06 | LFM09/1153/09 dt. 22.05.2012 | 07 |
| 2006-07 | LFM09/932/09 dt. 17.02.2010 | 04 |
| 2007-08 | LFM09/1154/09 dt. 19.02.2010 | 10 |
| 2008-09 to 10-11 | LFM13/1933/12 dt. 23.08.2012 | 13 |
| 20011-12to12-13 | KSA/MPM/13/3095/ dt. 1.2.16 | - |
| 2013-14 to14-15 | KSA/MPM/13/2098/ dt. 8.8.16 | 25 |
| 2015-16 | KSA/MPM/ | 22 |

## അനുബന്ധം - 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം പി.എം13/2001/2017

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി .24-10-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003 ജൂൺ 12ലെ ജി.ഒ.(പി).319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## അനുബന്ധം-2

# Audit certificate

No. KSA/MPM.13/2001/2017

District Office, Malappuram.
Kerala State Audit Department,

Date .24-10-17

Audit certificate

Certified that I have Audited the Annual Financial Statement of Edayur Grama Panchayath in Malappuram District for the year 2016-17 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Edayur Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

DeputyDirector,

Kerala State Audit Department,
District Office, Malappuram.